**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **22-02-2022 - ൽ മറുപടിയ്ക്ക്**

**പി. പി. ഇ. കിറ്റ് ഉയർന്ന നിരക്കിൽ വാങ്ങാൻ എടുത്ത തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി കെ.കെ.രമ,<br>ഡോ. മാത്യു കുഴൽനാടൻ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2020 മാർച്ചിൽ മഹാരാഷ്ട്രയിലെ സോലാപൂർ ജില്ലയിലെ സാൻ ഫാർമ എന്ന സ്ഥാപനം കേരള മെഡിക്കൽ സർവിസസ് കോർപറേഷന് പി.പി.ഇ. കിറ്റ് നൽകാൻ സന്നദ്ധമാണെന്നറിയിച്ച് ഇ-മെയിൽ വഴി കത്ത് നൽകിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | നൽകിയിരുന്നു |
| (ബി) | ഈ സ്ഥാപനത്തിന് കരാർ നൽകുന്നതിനു മുന്നോടിയായി പ്രസ്തുത സ്ഥാപനത്തിന്റെ പശ്ചാത്തലം അന്വേഷണ വിധേയമാക്കിയിരുന്നോ; | (ബി) | വിധേയമാക്കിയിരുന്നു. |
| (സി) | ഈ സ്ഥാപനം നൽകുന്ന പി.പി.ഇ. കിറ്റിന് ഗുണനിലവാരം ഉണ്ടോ എന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | ഈ സ്ഥാപനത്തിൽ നിന്നും സംഭരിച്ച പി.പി.ഇ കിറ്റിന്റെ ഗുണനിലവാരം ഇതിനായി കൂടിയ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | കെറോൺ (Careon Health care Solutions ) കമ്പനിയിൽ നിന്നും 550 രൂപയ്ക്ക് പി.പി.ഇ. കിറ്റ് വാങ്ങിയ ദിവസം തന്നെ 1500 രൂപയ്ക്ക് സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ഡി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച്, കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. തദ്ദേശീയമായി പി.പി.ഇ കിറ്റുകൾ വിതരണം ചെയ്യുന്ന കമ്പനികളെ സംബന്ധിച്ച് പ്രതിദിനം 2000 മുതൽ 3000 വരെ പി.പി.ഇ. കിറ്റുകൾ മാത്രം നിർമ്മിച്ച് നൽകാനുള്ള ശേഷി മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്നത്. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിലും പി.പി.ഇ. കിറ്റുകളുടെ അസംസ്കൃത |

| | | | |
|---|---|---|---|
| | | | വസ്തുക്കൾ ചൈനയിൽ നിന്നും ലഭ്യമാകുന്നതിന് തടസ്സമുണ്ടാകുന്നത് വിതരണക്കാരെ ലഭിക്കാൻ വലിയ തോതിൽ പ്രയാസമുണ്ടാക്കും എന്ന് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേ സമയം സാൻ ഫാർമ ഉൾപ്പെടെയുള്ള വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. |
| (ഇ) | സാൻ ഫാർമയിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങാനുള്ള തീരുമാനം ആരോഗ്യ വകുപ്പ് മന്ത്രി അംഗീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ